# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-1889 04.10.2011-ൽ മറുപടിക്ക്

## കളിസ്ഥലം മെച്ചപ്പെടുത്തുന്നതിന് ധനസഹായം

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി)

(എ) കളിസ്ഥലം മെച്ചപ്പെടുത്തുന്നതിന് ധനസഹായത്തിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(എ) 2011-12 സാമ്പത്തിക വർഷത്തിൽ കായിക-യുവജനകാര്യാലയത്തിൽ 223-ഉം സ്പോർട്സ് കൗൺസിലിൽ 59-ഉം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എപ്പോഴാണ് തീരുമാനമെടുക്കുന്നതെന്നും പരമാവധി എത്ര രൂപയാണ് ഓരോ അപേക്ഷയ്ക്കും നൽകുന്നതെന്നും വ്യക്തമാക്കാമോ?

(ബി) കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പരമാവധി 5 ലക്ഷം രൂപ ഓരോ അപേക്ഷയ്ക്കും നൽകുന്നു. കായിക-യുവജന കാര്യാലയത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിശദമായ പരിശോധനയ്ക്കുശേഷം താഴെ പറയുന്ന നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകുന്നു:

1) പട്ടികജാതി-പട്ടിക വർഗ്ഗങ്ങളുടെയും സ്ത്രീകളുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്ന പദ്ധതിയ്ക്ക് ധനസഹായ സ്രോതസ്സുകളൊന്നും ഇല്ലാത്തപക്ഷം അടങ്കൽ തുകയുടെ 100 ശതമാനമോ 2.50 ലക്ഷം രൂപയോ ഇതിൽ ഏതാണ് കുറവ് അത് അനുവദിക്കുന്നതാണ്.

2) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർവകലാശാലകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കും അടങ്കൽ തുകയുടെ 75 ശതമാനമോ പരമാവധി 2.50 ലക്ഷം രൂപ വരെയോ അനുവദിക്കുന്നതാണ്.

---

3) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, പ്രമുഖ സർക്കാരേതര സംഘട നകൾ എന്നിവയ്ക്ക് അടങ്കൽ തുകയുടെ 50 ശതമാനമോ പരമാവധി 1.20 ലക്ഷം രൂപയോ അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ